## FINAL ANSWER KEY

| | |
|---|---|
| Question Paper Code: | 44/2025/OL |
| Category Code: | 116/2024 |
| Exam: | Beat Forest Officer |
| Date of Test | 23-04-2025 |
| Department | Forest |
| Language: | Malayalam |

Question1:-ഇപ്പോഴത്തെ ഇന്ത്യൻ ഉപരാഷ്ട്രപതി

A:-ജഗദീപ് ധൻകർ

B:-ഹമീദ് അൻസാരി

C:-വെങ്കയ്യ നായിഡു

D:-കൃഷ്ണകാന്ത്

Correct Answer:- Option-A

Question2:-ഇന്ത്യയിൽ ഭൂദാന സമ്പ്രദായത്തിന് തുടക്കം കുറിച്ച ഭരണാധികാരികൾ

A:-മൗര്യന്മാർ

B:-കുശാനന്മാർ

C:-ശതവാഹനന്മാർ

D:-ഗുപ്തന്മാർ

Correct Answer:- Option-C

Question3:-A കോളത്തിന് അനുയോജ്യമായവ B കോളത്തിൽ നിന്ന് കണ്ടെത്തി ശരിയുത്തരം എഴുതുക.

| A | B |
|---|---|
| (a) വാസ്കോഡഗാമ ഇന്ത്യയിലെത്തി | (i) 1510 |
| (b) ഡച്ച് ഈസ്റ്റിന്ത്യാ കമ്പനിയുടെ സ്ഥാപനം | (ii) 1664 |
| (c) പോർച്ചുഗീസുകാർ ഗോവ പിടിച്ചെടുത്തു | (iii) 1498 |
| (d) ഫ്രഞ്ച് ഈസ്റ്റിന്ത്യാ കമ്പനിയുടെ സ്ഥാപനം | (iv) 1602 |

A:-(a)-(ii) (b)-(iii) (c)-(i) (d)-(iv)

B:-(a)-(iii) (b)-(iv) (c)-(i) (d)-(ii)

C:-(a)-(i) (b)-(iv) (c)-(iii) (d)-(ii)

D:-(a)-(i) (b)-(iv) (c)-(ii) (d)-(iii)

Correct Answer:- Option-B

Question4:-താഴെ കൊടുത്തിരിക്കുന്ന ചരിത്ര സംഭവങ്ങളുടെ ശരിയായ കാലഗണന എഴുതുക

(i) കുറിച്യ കലാപം

(ii) വേലുത്തമ്പിയുടെ കലാപം

(iii) ആറ്റിങ്ങൽ കലാപം

(iv) പഴശ്ശി കലാപം

A:-(i) (iv) (ii) (iii)

B:-(iv) (i) (iii) (ii)

C:-(ii) (iii) (iv) (i)

D:-(iii) (iv) (ii) (i)

Correct Answer:- Option-D

Question5:-താഴെ കൊടുത്തിരിക്കുന്നവയിൽ നിസ്സഹകരണ പ്രസ്ഥാനവുമായി ബന്ധമില്ലാത്ത പ്രസ്താവന ഏത്?

A:-ഗാന്ധിജി നയിച്ച ആദ്യത്തെ ബഹുജന പ്രസ്ഥാനം ആയിരുന്നു

B:-കേന്ദ്രത്തിലും പ്രവിശ്യകളിലും ഉത്തരവാദിത്ത ഭരണം ഏർപ്പെടുത്തുക (നടപ്പിലാക്കണം)

C:-പഞ്ചാബ് പ്രശ്നത്തിന് പരിഹാരം കാണുക

D:-ഖിലാഫത്ത് പ്രശ്നത്തിന് പരിഹാരം കാണുക

Correct Answer:- Option-B

Question6:-പ്രിൻസെപ് എന്ന സ്ഥാനപ്പേര് സ്വീകരിച്ച റോമൻ ഭരണാധികാരി

A:-അഗസ്റ്റസ് സീസർ

B:-ജസ്റ്റീനിയൻ

C:-ജൂലിയസ് സീസർ

D:-കോൺസ്റ്റന്റയിൻ

Correct Answer:- Option-A

Question7:-താഴെ പറയുന്ന നദികളിൽ പടിഞ്ഞാറോട്ടൊഴുകുന്ന നദി ഏതാണ്?

A:-പാമ്പാർ

B:-പമ്പ

C:-ഭവാനി

D:-കബനി

Correct Answer:- Option-B

Question8:-നീർമഹൽ സ്ഥിതിചെയ്യുന്ന തടാകമേത്?

A:-ലോഹോ തടാകം

B:-രുദ്രസാഗർ തടാകം

C:-റാണികോർ തടാകം

D:-സേല തടാകം

Correct Answer:- Option-B

Question9:-സമയ മേഖലകൾ ഏറ്റവും കൂടുതൽ ഉള്ള രാജ്യമേതാണ്?

A:-ചൈന

B:-ഫ്രാൻസ്

C:-റഷ്യ

D:-അൻറാർട്ടിക്ക

Correct Answer:- Option-B

Question10:-അവസാദങ്ങൾ സമ്മർദ്ദത്തിൽപ്പെട്ട് ക്രമേണ ശിലകളായി മാറുന്ന പ്രക്രിയ ഏതാണ്?

A:-ദൃഢീകരണം

B:-കായാന്തരീകരണം

C:-ശിലാവൽക്കരണം

D:-അപരദനം

Correct Answer:- Option-C

Question11:-ബാന്ധവ്ഗഢ് ദേശീയോദ്യാനം എവിടെയാണ് സ്ഥിതിചെയ്യുന്നത്?

A:-രാജസ്ഥാൻ

B:-ഗുജറാത്ത്

C:-മഹാരാഷ്ട്ര

D:-മദ്ധ്യപ്രദേശ്

Correct Answer:- Option-D

Question12:-സോനാമാർഗ്ഗ് തുരങ്കം ഏത് ദേശീയപാതയിലാണ് സ്ഥിതിചെയ്യുന്നത്?

A:-ദേശീയപാത 1

B:-ദേശീയപാത 19

C:-ദേശീയപാത 26

D:-ദേശീയപാത 48

Correct Answer:- Option-A

Question13:-ചുവടെ നല്കിയിട്ടുള്ളവയിൽ 2025-ൽ അവതരിപ്പിച്ച കേന്ദ്ര ബജറ്റിലെ ആദായനികുതിയുമായി ബന്ധപ്പെട്ട ശരിയായ പ്രസ്താവനകൾ ഏതെല്ലാം?
(i) നാല് ലക്ഷം രൂപവരെയുള്ള വരുമാനത്തിന് നികുതിയില്ല
(ii) 16 ലക്ഷം മുതൽ 20 ലക്ഷം രൂപ വരെയുള്ള വരുമാനത്തിന് 15% നികുതി
(iii) 4 ലക്ഷം മുതൽ 8 ലക്ഷം രൂപ വരെയുള്ള വരുമാനത്തിന് 5% നികുതി

A:-(i) and (iii)

B:-(ii) and (iii)

C:-(i) and (ii)

D:-(i), (ii) and (iii)

Correct Answer:- Option-A

Question14:-ഇന്ത്യയിലെ ബാങ്കിങ് മേഖലയുമായി ബന്ധപ്പെട്ട് ശരിയായ പ്രസ്താവനകൾ ഏതെല്ലാം?
(i) 1967 ൽ 14 ബാങ്കുകൾ ദേശസാൽക്കരിക്കപ്പെട്ടു
(ii) റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യ1935 ൽ സ്ഥാപിതമായി
(iii) റീജിയണൽ റൂറൽ ബാങ്കുകൾ സ്ഥാപിതമായത് 1975 ൽ ആണ്

A:-(i) and (ii)

B:-(ii) and (iii)

C:-(i), (ii) and (iii)

D:-(i) and (iii)

Correct Answer:- Option-B

Question15:-ചുവടെ നല്കിയിട്ടുള്ളവയിൽ ജി.എസ്ടി.യിൽ ലയിക്കപ്പെട്ട പ്രധാന നികുതികൾ ഏതെല്ലാം?
(i) വിനോദ നികുതി
(ii) പ്രവേശന നികുതി
(iii) പരസ്യ നികുതി

A:-(i) and (iii)

B:-(i) and (ii)

C:-(ii) and (iii)

D:-(i), (ii) and (iii)

Correct Answer:- Option-D

Question16:-ചുവടെ നല്കിയിരിക്കുന്നവയിൽ സാമ്പത്തിക ശാസ്ത്രജ്ഞനായ അമർത്യാസെന്നുമായി ബന്ധപ്പെട്ട ശരിയായ പ്രസ്താവനകൾ ഏതെല്ലാം?
(i) 1995 ൽ നോബൽ സമ്മാനം ലഭിച്ച സാമ്പത്തിക ശാസ്ത്രജ്ഞൻ
(ii) ദാരിദ്ര്യ രേഖ നിർണ്ണയിക്കുന്നതിലെ അപാകത ചൂണ്ടിക്കാട്ടി
(iii) ദാരിദ്ര്യം, അസമത്വം, ക്ഷാമം എന്നിവയുമായി ബന്ധപ്പെട്ട പഠനത്തിന് പ്രാധാന്യം നൽകി

A:-(ii) and (iii)

B:-(i) and (ii)

C:-(i), (ii) and (iii)

D:-(i) and (iii)

Correct Answer:- Option-A

Question17:-ചുവടെ കൊടുത്തിട്ടുള്ളവയിൽ ആണവ ധാതുക്കളുമായി ബന്ധപ്പെട്ട് ശരിയായ പ്രസ്താവനകൾ ഏതെല്ലാം?
(i) യുറേനിയം, തോറിയം എന്നിവയാണ് പ്രധാന ആണവ ധാതുക്കൾ
(ii) രാജസ്ഥാൻ, മഹാരാഷ്ട്ര എന്നീ സംസ്ഥാനങ്ങളിൽ യുറേനിയം നിക്ഷേപമുണ്ട്
(iii) മോണോസൈറ്റ്, ഇൽമനൈറ്റ് എന്നീ ധാതുക്കളിൽ നിന്ന് തോറിയം ഉല്പാദിപ്പിക്കുന്നു

A:-(ii) and (iii)

B:-(i) and (ii)

C:-(i), (ii) and (iii)

D:-(i) and (iii)

Correct Answer:- Option-C

Question18:-ഇന്ത്യയിലെ കാർഷിക വിളയായ നെല്ലുമായി ബന്ധപ്പെട്ട ശരിയായ പ്രസ്താവനകൾ ഏതെല്ലാം?
(i) ഇന്ത്യയിലെ മുഖ്യ ഭക്ഷ്യ വിള നെല്ലാണ്
(ii) നെല്ല് ഒരു ഖാരിഫ് വിളയാണ്
(iii) എക്കൽ മണ്ണാണ് നെൽകൃഷിക്ക് അനുയോജ്യം

A:-(ii) and (iii)

B:-(i) and (ii)

C:-(i) and (iii)

D:-(i), (ii) and (iii)

Correct Answer:- Option-D

Question19:-താഴെ കൊടുത്തിരിക്കുന്ന പ്രസ്താവനയിൽ കേശവാനന്ദ ഭാരതി കേസ്സുമായി ബന്ധപ്പെട്ട് ശരിയായവ കണ്ടെത്തുക.

A. ഇന്ത്യൻ ഭരണഘടനയുടെ ഏതു ഭാഗവും ഭേദഗതി ചെയ്യാനുള്ള അധികാരം പാലമെൻറിന് ഉണ്ടെന്ന് കോടതി പ്രഖ്യാപിച്ചു

B. കേന്ദ്രസർക്കാർ 1976-ലെ 42-ാം ഭരണഘടനാ ഭേദഗതി കേശവാനന്ദ ഭാരതി കേസിൻറെ വിധിയുടെ ആവേശത്തിൽ നടത്തിയതാണ്.

C. ഇന്ത്യൻ ഭരണഘടനയുടെ അടിസ്ഥാന ഘടനയിൽ മാറ്റം വരുത്താൻ പാടില്ലെന്ന് സുപ്രീംകോടതി കൂട്ടിച്ചേർത്തു.

D. ഇന്ത്യൻ ഭരണഘടനയുടെ അടിസ്ഥാനഘടന എന്താണെന്ന് സുപ്രീംകോടതി വ്യക്തമാക്കിയിരുന്നില്ല

A:-A, B, D ശരി

B:-A, B, C ശരി

C:-B, C, D ശരി

D:-A, C, D ശരി

Correct Answer:- Option-C

Question20:-ഇന്ത്യയിൽ ആരാണ് നിയോജക മണ്ഡലങ്ങളിൽ സംവരണ മണ്ഡലങ്ങൾ തീരുമാനിക്കുന്നത്?

A:-ഇന്ത്യൻ പാർലമെൻറ്

B:-കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ

C:-അതിർത്തി നിർണ്ണയ കമ്മീഷൻ

D:-സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

Correct Answer:- Option-C

Question21:-ഇന്ത്യൻ ഭരണഘടനയുടെ 42-ാം ഭേദഗതിയുമായി ബന്ധപ്പെട്ട വസ്തുതകൾ ചുവടെ ചേർത്തിരിക്കുന്നു. ശരിയായവ കണ്ടെത്തുക.

A. മൗലികാവകാശങ്ങൾ ലംഘിച്ചു കൊണ്ടുള്ള യാതൊരു ഭരണഘടനാ ഭേദഗതിയും നടത്താനുള്ള അധികാരം പാർലമെൻറിനില്ലെന്ന് സുപ്രീംകോടതി വാദിച്ചു

B. സംസ്ഥാന ലിസ്റ്റിൽ ഉൾപ്പെട്ടിരുന്ന 5 വിഷയങ്ങൾ കൺകറൻറ് ലിസ്റ്റിൽ ഉൾപ്പെടുത്തിയത് ഈ ഭേദഗതിയിലൂടെയാണ്

C. ലോകസഭയുടെയും, രാജ്യസഭയുടെയും ഔദ്യോഗിക കാലാവധി 5 വർഷത്തിൽ നിന്ന് 6 വർഷമാക്കിയത് ഈ ഭേദഗതിയിലൂടെയാണ്

D. കേശവാനന്ദ ഭാരതി കേസിൽ സുപ്രീംകോടതി പ്രഖ്യാപിച്ച വിധിയിൽ നിന്നും ആവേശമുൾകൊണ്ട് കേന്ദ്ര സർക്കാർ ഈ ഭേദഗതി കൊണ്ടുവന്നത്

A:-A, B ശരി

B:-B, D ശരി

C:-C, D ശരി

D:-A, D ശരി

Correct Answer:- Option-B

Question22:-ഗ്രാമപഞ്ചായത്തുകളിൽ സീറ്റുകളുടെ സംവരണം വ്യവസ്ഥ ചെയ്യുന്ന ഇന്ത്യൻ ഭരണഘടനയുടെ അനുച്ഛേദം ഏതെന്ന് കണ്ടെത്തുക

A:-അനുച്ഛേദം 243 (A)

B:-അനുച്ഛേദം 243 (B)

C:-അനുച്ഛേദം 243 (C)

D:-അനുച്ഛേദം 243 (D)

Correct Answer:- Option-D

Question23:-താഴെ പറയുന്ന വിഷയങ്ങളിൽ കൺകറൻറ് ലിസ്റ്റിൽ ഉൾപ്പെട്ട വിഷയങ്ങൾ ഏതെല്ലാമെന്ന് കണ്ടെത്തുക

A. മൃഗസംരക്ഷണം
B. മായം ചേർക്കൽ
C. വിദേശ വ്യാപാരം
D. ലോട്ടറി
E. തൊഴിൽ സംഘടനകൾ
F. പൊതുജനാരോഗ്യം
G. വിവാഹവും വിവാഹമോചനവും

A:-A, D, G ശരി

B:-B, C, E ശരി

C:-B, E, G ശരി

D:-B, C, G ശരി

Correct Answer:- Option-C

Question24:-ഇന്ത്യൻ ഭരണഘടന മറ്റ് രാജ്യങ്ങളുടെ ഭരണഘടനയിൽ നിന്ന് കടംകൊണ്ട വ്യവസ്ഥകൾ താഴെ കൊടുത്തിരിക്കുന്നു. ചേരുംപടി ചേർക്കുക.

| | A | | B |
|---|---|---|---|
| A. | ജുഡീഷ്യൽ പുനരവലോകനത്തിനുള്ള അധികാരം | (1) | അയർലണ്ട് |
| B. | അവശിഷ്ടാധികാരങ്ങൾ എന്ന ആശയം | (2) | ആസ്ട്രേലിയ |
| C. | തെരഞ്ഞെടുക്കപ്പെട്ട രാഷ്ട്രതലവൻ | (3) | കാനഡ |
| D. | പാർലമെൻറിൻറെ സംയുക്ത സമ്മേളനം | (4) | അമേരിക്ക |

A:-4, 3, 1, 2

B:-4, 3, 2, 1

C:-3, 1, 2, 4

D:-3, 2, 4, 1

Correct Answer:- Option-A

Question25:-പ്രധാന കമ്മീഷനുകളും, അതിൻറെ പ്രാധാന്യവും ചുവടെ കൊടുത്തിരിക്കുന്നു. ശരിയായവ കണ്ടെത്തുക.

| | | | |
|---|---|---|---|
| A. | മണ്ഡൽ കമ്മീഷൻ | (1) | അടിയന്തിരാവസ്ഥയുടെ അതിക്രമങ്ങളെക്കുറിച്ച് അന്വേഷിക്കുക |
| B. | സർക്കാരിയ കമ്മീഷൻ | (2) | രണ്ടാം പിന്നോക്ക കമ്മീഷൻ |
| C. | ഷാ കമ്മീഷൻ | (3) | ദേശീയ വിദ്യാഭ്യാസ കമ്മീഷൻ |
| D. | കോത്താരി കമ്മീഷൻ | (4) | കേന്ദ്ര സംസ്ഥാന ബന്ധം പരിശോധിക്കുക |

A:-2, 1, 3, 4 ശരി

B:-4, 3, 2, 1 ശരി

C:-3, 4, 1, 2 ശരി

D:-2, 4, 1, 3 ശരി

Correct Answer:- Option-D

Question26:-ഇന്ത്യൻ ഭരണഘടന കേന്ദ്രാധിഷ്ഠിതമാണ്. ദേശീയ താൽപര്യങ്ങൾക്കാണ് എപ്പോഴും മുൻഗണന നൽകുന്നത്. ഇന്ത്യയിൽ നിലവിലുള്ള അന്തർ-സംസ്ഥാന സമിതി, ദേശീയ വികസന സമിതി, മേഖലാ സമിതികൾ, ആസൂത്രണ കമ്മീഷൻ, ധനകാര്യകമ്മീഷൻ എന്നിവ ഇതിനു തെളിവുകളാണ്. ആരുടെ അഭിപ്രായമാണിത്?

A:-അലക്സാഡ്രോവിക്സ്

B:-ഗ്രാൻവിൽ ആൻസ്റ്റിൻ

C:-ഏണസ്റ്റ് ബാർക്കർ

D:-നാനാഭായ് വൽക്കിവാല

Correct Answer:- Option-B

Question27:-താഴെ കൊടുത്തിരിക്കുന്ന സൂചനകളുടെ അടിസ്ഥാനത്തിൽ വ്യക്തിത്വത്തെ കണ്ടെത്തുക.

A. 1988 ബാച്ചിലെ കേരള കേഡറിലെ ഇന്ത്യൻ അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് ഉദ്യോഗസ്ഥനായിരുന്നു
B. 2024 ജനുവരി 31 ന് ഇന്ത്യയുടെ സഹകരണ സെക്രട്ടറിയായി വിരമിച്ചു.
C. 2025 ഫെബ്രുവരി 19 മുതൽ പുതിയ സേവനകാലം ആരംഭിച്ചു
D. 2029 ജനുവരി 26 ന് ഈ സേവനകാലം അവസാനിക്കും.

A:-ഗ്യാനേഷ്കുമാർ

B:-വിവേക് ജോഷി

C:-രാജീവ് കുമാർ

D:-അനൂപ് ചന്ദ്രപാണ്ഡെ

Correct Answer:- Option-A

Question28:-താഴെപ്പറയുന്നവയിൽ സംസ്ഥാന ദുരന്ത നിവാരണവുമായി ബന്ധപ്പെട്ട ശരിയായ പ്രസ്താവനകൾ ഏതെല്ലാം?

(i) സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ ചെയർമാൻ മുഖ്യമന്ത്രിയാണ്.
(ii) പൊതുജനങ്ങൾക്ക് ദുരന്ത നിവാരണ പ്രവർത്തനങ്ങളിൽ പരിശീലനം നല്കുന്നതിന് വേണ്ടി സംസ്ഥാന പോലീസ് സേനയ്ക്ക് കീഴിൽ രൂപപ്പെടുത്തിയിട്ടുള്ള സംവിധാനമാണ് ''കേരള സിവിൽ ഡിഫൻസ്''
(iii) സംസ്ഥാന ദുരന്തനിവാരണ പരിശീലന സ്ഥാപനമായ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാൻഡ് ആൻറ് ഡിസാസ്റ്റർ മാനേജ്മെൻറ് സ്ഥിതിചെയ്യുന്നത് തിരുവനന്തപുരത്താണ്.

A:-(i), (ii)

B:-(ii), (iii)

C:-(i), (iii)

D:-(i), (ii), (iii)

Correct Answer:- Option-C

Question29:-'ഇൻവെസ്റ്റ് കേരള' ആഗോള ഉച്ചകോടി - 2025 നടന്നതെവിടെ വെച്ച്?

A:-ബോൾഗാട്ടി

B:-കുമരകം

C:-കോവളം

D:-പുഴയ്ക്കൽ

Correct Answer:- Option-A

Question30:-വനിതാ കമ്മീഷനുമായി ബന്ധപ്പെട്ട് താഴെ കൊടുത്തിട്ടുള്ള പ്രസ്താവനകളിൽ ശരിയായവ ഏത്?

(i) 1996 ൽ എ.കെ. ആൻറണി മന്ത്രിസഭയുടെ കാലത്താണ് കേരള സംസ്ഥാന വനിതാ കമ്മീഷൻ സ്ഥാപിതമായത്

(ii) അദ്ധ്യക്ഷ, അംഗങ്ങൾ എന്നിവർ സ്ത്രീകൾ ആയിരിക്കണം

(iii) എം. കമലം ആയിരുന്നു ആദ്യ വനിതാ കമ്മീഷൻ അദ്ധ്യക്ഷ

(iv) കമ്മീഷൻ പ്രസിദ്ധീകരിക്കുന്ന, വാർത്താ പത്രികയാണ് 'സ്ത്രീശക്തി'

A:-(i), (ii), (iii)

B:-(i), (ii), (iv)

C:-(ii), (iii), (iv)

D:-(i), (iii), (iv)

Correct Answer:- Option-B

Question31:-സംസ്ഥാനത്ത് നടപ്പിലാക്കിയിരിക്കുന്ന പദ്ധതികളിൽ ചിലത് താഴെ കൊടുത്തിരിക്കുന്നു തെറ്റായ ജോഡി/ജോഡികൾ കണ്ടെത്തുക.

(i) മിഠായി - പ്രമേഹ ബാധിതരായ കുട്ടികളെ സഹായിക്കുന്ന പദ്ധതി

(ii) വയോമിത്രം - 65 വയസ്സിന് മുകളിൽ പ്രായമുള്ളവർക്കുള്ള പരിരക്ഷ

(iii) സ്നേഹസാന്ത്വനം - മാതാപിതാക്കൾ, ഇരുവരും അഥവാ ഒരാൾ മരിച്ചുപോയ, സാമ്പത്തികമായി പിന്നോക്കം നില്ക്കുന്ന കുട്ടികൾക്കുള്ള ധനസഹായം

A:-(i), (ii)

B:-(ii), (iii)

C:-(ii)

D:-(iii)

Correct Answer:- Option-D

Question32:-രക്തം കട്ടപിടിക്കാൻ സഹായിക്കുന്ന ഘടകങ്ങൾ ഒഴിവാക്കിയുള്ള പ്ലാസ്മയെ വിളിക്കുന്ന പേര്

A:-ലസികാദ്രവം

B:-സീറം

C:-ഹെപാരിൻ

D:-വിട്രിയസ് ഹ്യൂമർ

Correct Answer:- Option-B

Question33:-മനുഷ്യരിൽ മാംസ്യത്തിൻറെ ദഹനത്തിന് സഹായിക്കുന്ന രാസാഗ്നി ഏത്?

A:-അമിലേസ്

B:-ലിപേസ്

C:-ന്യൂക്ലിയസ്

D:-ട്രിപ്സിൻ

Correct Answer:- Option-D

Question34:-റൈബോഫ്ലാവിൻ എന്ന് അറിയപ്പെടുന്ന ജീവകം ഏത്?

A:-ജീവകം $B_2$

B:-ജീവകം D

C:-ജീവകം $B_{12}$

D:-ജീവകം E

Correct Answer:- Option-A

Question35:-താഴെ തന്നിട്ടുള്ള സൂചനകളിൽ ഏത് രോഗമാണ് പ്രോട്ടോസോവ ഇനത്തിൽപ്പെടുന്ന രോഗകാരികൾ മൂലം ഉണ്ടാകുന്നത്?

A:-ആസ്കാരിയാസിസ്

B:-ടൈഫോയ്ഡ്

C:-വട്ടച്ചൊറി

D:-മലമ്പനി

Correct Answer:- Option-D

Question36:-2025 ൽ റംസാർ സൈറ്റുകളിൽ ഉൾപ്പെടുത്തിയിട്ടുള്ള ഉധ്വ തടാകം  സ്ഥിതിചെയ്യുന്ന സംസ്ഥാനം ഏത്?

A:-തമിഴ്നാട്

B:-ബീഹാർ

C:-ജാർഖണ്ഡ്

D:-സിക്കിം

Correct Answer:- Option-C

Question37:-ലോകത്തെ വംശനാശ ഭീഷണി നേരിടുന്ന വന്യജീവികളുടെ സംരക്ഷണത്തിനായി ഇന്ത്യയുടെ നേതൃത്വത്തിൽ സ്ഥാപിതമായ ഇബ്ക (IBCA) യുടെ ആസ്ഥാനം എവിടെയാണ്?

A:-ഡൽഹി

B:-ആസ്സാം

C:-ഡെറാഡൂൺ

D:-രാജസ്ഥാൻ

Correct Answer:- Option-A

Question38:-ഒരു വസ്തുവിൻറെ ഒരു ഗ്രഹത്തിൽ നിന്നുള്ള പാലായനപ്രവേഗം  വസ്തുവിൻറെ ദ്രവ്യവുമായി എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നു?

A:-നേർ അനുപാതം

B:-വിപരീത അനുപാതം

C:-ദ്രവ്യത്തിൻറെ വർഗ്ഗം

D:-ദ്രവ്യവുമായി ബന്ധമില്ല

Correct Answer:- Option-D

Question39:-60° കോണിൽ പ്രൊജക്റ്റ് ചെയ്യപ്പെടുന്ന ഒരു വസ്തുവിൻറെ ഗതികോർജ്ജം E ആണ്. ഏറ്റവും ഉയർന്ന പോയിൻറിൽ അതിൻറെ ഗതികോർജ്ജം എന്തായിരിക്കും?

A:-E/2

B:-E/4

C:-3E/4

D:-E

Correct Answer:- Option-B

Question40:-ഒരു ഹൈഡ്രോളിക് ലിഫ്റ്റിൽ വലുതും ചെറുതുമായ പിസ്റ്റണുകളുടെ ആരം 10 :1 എന്ന അനുപാതത്തിൽ ആണ്. ചെറിയ പിസ്റ്റണിൽ എത്ര ഭാരം വെച്ചാലാണ് 1000 kg ഭാരമുള്ള ഒരു കാർ ഉയർത്താൻ പര്യാപ്തമാവുന്നത്?

A:-10 kg

B:-1 kg

C:-5 kg

D:-100 kg

Correct Answer:- Option-A

Question41:-മനുഷ്യനെ ബഹിരാകാശത്തേക്ക് അയക്കാനുള്ള ഇന്ത്യയുടെ അഭിലാഷ ദൗത്യത്തിൻറെ പേരെന്താണ്?

A:-വ്യോമയാൻ

B:-മംഗൽയാൻ

C:-ഗഗൻയാൻ

D:-ശക്തി

Correct Answer:- Option-C

Question42:-താഴെ തന്നിരിക്കുന്നതിലെ ശരിയായ പ്രസ്താവന/പ്രസ്താവനകൾ ഏത്?

i. ഡാൽട്ടൻറെ അറ്റോമിക സിദ്ധാന്തത്തിന് രാസസംയോജക നിയമങ്ങൾ വിശദീകരിക്കാൻ സാധിച്ചു.

ii. കാർബൺ-12 നെ അടിസ്ഥാനമാക്കിയാണ് നിലവിൽ അറ്റോമിക മാസ് നിർണ്ണയിക്കുന്നത്

iii. കാർബണിൻറെ വിവിധ ഐസോടോപ്പുകളിൽ ആപേക്ഷിക ലഭ്യത കൂടുതലുള്ളത് കാർബൺ-12 ന ആണ്.

A:-i & ii

B:-ii & iii

C:-ii മാത്രം

D:-i, ii & iii

Correct Answer:- Option-D

Question43:-ചേരുംപടി ചേർക്കുക.

| | I | | II |
|---|---|---|---|
| a. | ജർമ്മൻ സിൽവർ | i. | ഗ്രൂപ്പ് 16 മൂലകങ്ങൾ |
| b. | മിഷ് മെറ്റൽ | ii. | കോപ്പർ, സിങ്ക്, നിക്കൽ എന്നീ മൂലകങ്ങളുടെ സങ്കരം |
| c. | ചാൽക്കോജനുകൾ | iii. | ഗ്രൂപ്പ് 17 മൂലകങ്ങൾ |
| d. | ഹാലോജനുകൾ | iv. | ലാന്തനൈഡുകളുടെ സങ്കരം |

A:-a-i b-iv c-iii d-ii

B:-a-iii b-ii c-iv d-i

C:-a-ii b-iv c-i d-iii

D:-a-iv b-i c-iii d-ii

Correct Answer:- Option-C

Question44:-താഴെ തന്നിരിക്കുന്ന പ്രസ്താവനകളിൽ ശരിയായ പ്രസ്താവന/പ്രസ്താവനകൾ ഏത്?
i. ഒരു ലായനിയുടെ ഹൈഡ്രജൻ അയോൺ ഗാഢത 100 മടങ്ങ് വർദ്ധിക്കുമ്പോൾ pH മൂല്യം '1' യൂണിറ്റ് വർദ്ധിക്കുന്നു
ii. pH പേപ്പർ ഉപയോഗിച്ച് 1-14 പരിധിയിൽ 0.05 കൃത്യതയോടെ pH മൂല്യം കണ്ടുപിടിക്കാൻ സാധിക്കും
iii. മനുഷ്യരക്തം ദുർബല ആസിഡ് സ്വഭാവം കാണിക്കുന്നു

A:-i മാത്രം

B:-ii മാത്രം

C:-ii & iii

D:-i, ii & iii

Correct Answer:- Option-B

Question45:-താഴെ തന്നിരിക്കുന്ന പ്രസ്താവനകളിൽ ശരിയായ പ്രസ്താവന/പ്രസ്താവനകൾ ഏത്?
i. മൂലകങ്ങളുടെ ആധുനിക ആവർത്തനപ്പട്ടികയിൽ ഇപ്പോൾ 118 മൂലകങ്ങൾ ഉണ്ട്
ii. ആറ്റോമിക നമ്പർ 118 ആയ മൂലകത്തിൻറെ പ്രതീകം ' $O_n$ ' എന്നാണ്
iii. ആറ്റോമിക നമ്പർ 118 ആയ മൂലകത്തിൻറെ പേര് 'ഓഗാനെസൺ' എന്നാണ്

A:-i & iii

B:-ii & iii

C:-i & ii

D:-i, ii & iii

Correct Answer:- Option-A

Question46:-താഴെ പറയുന്ന പ്രസ്താവനകളിൽ കുറ്റിപ്പുഴ കൃഷ്ണപിള്ളയെക്കുറിച്ചുള്ള തെറ്റായ പ്രസ്താവനകൾ കണ്ടെത്തുക.
A. 1900 ഒക്ടോബർ ഒന്നിന് പറവൂർ താലൂക്കിൽ ജനിച്ചു
B. 1922-28 കാലഘട്ടത്തിൽ ആലുവ അദ്വൈത ആശ്രമം അധ്യാപകനായിരുന്നു
C. 1959 ബാലസാഹിത്യ ശില്പശാലയുടെ ഡയറക്ടറായി പ്രവർത്തിച്ചു
D. ദക്ഷിണഭാഷ ബുക്ക് ട്രസ്റ്റ് മലയാള വിഭാഗത്തിൻറെ ഉപദേഷ്ടാവായി പ്രവർത്തിച്ചു

A:-A, B

B:-A, C

C:-A, D

D:-B, C

Correct Answer:- Option-B

Question47:-എം.ടി. വാസുദേവൻ നായരെക്കുറിച്ചുള്ള ശരിയായ പ്രസ്താവനകൾ ഏതെല്ലാം?
A. മാണിക്യക്കല്ല്, ദയ എന്ന പെൺകുട്ടി, തന്ത്രക്കാരി എന്നിവ എം.ടി. യുടെ ബാലസാഹിത്യ കൃതികളാണ്.
B. എം.ടി. ഗാനരചന നിർവഹിച്ച ചലച്ചിത്രമാണ് വളർത്തുമൃഗങ്ങൾ
C. 1992 ൽ ദേശീയ പുരസ്കാരം നേടിയ 'കടവ്' എന്ന സിനിമ സംവിധാനം ചെയ്തു
D. മനുഷ്യർ, നിഴലുകൾ, ആൾക്കൂട്ടത്തിൽ തനിയെ എന്നിവ എം.ടി.യുടെ യാത്രാവിവരണങ്ങൾ ആണ്.

A:-A, B, C

B:-A, B, D

C:-B, C, D

D:-എല്ലാം ശരിയാണ്

Correct Answer:- Option-B

Question48:-2024 ൽ നടന്ന 20-20 ലോകകപ്പ് ക്രിക്കറ്റിനെക്കുറിച്ചുള്ള തെറ്റായ പ്രസ്താവനകൾ കണ്ടെത്തുക
A. ഏറ്റവും കൂടിയ റൺസ് നേടിയ 'റഹ്മാനുള്ള ഗുർബാസ്' പാക്കിസ്ഥാൻ താരമാണ്
B. റൺ വേട്ടയിൽ മൂന്നാം സ്ഥാനത്തുള്ളത് ഇന്ത്യൻ നായകനായ 'രോഹിത് ശർമ്മ'യാണ്
C. ഏറ്റവും കൂടുതൽ വിക്കറ്റ് നേടിയ താരം ഇന്ത്യയുടെ ജസ്പ്രീത് ബുംറയാണ്
D. 2024 ലെ 20-20 ലോകകപ്പ് ക്രിക്കറ്റിൽ ആകെ 55 മത്സരങ്ങൾ ഉണ്ടായിരുന്നു.

A:-A, B, C

B:-B, C, D

C:-A, B, D

D:-എല്ലാം തെറ്റ്

Correct Answer:- Option-A

Question49:-2024 ലെ ദേശീയ ചലച്ചിത്ര അവാർഡുമായി ബന്ധപ്പെട്ട ശരിയായ പ്രസ്താവനകൾ ഏതെല്ലാം?
A. മികച്ച നടനുള്ള പുരസ്കാരം നേടിയത് കന്നട താരമായ ഋഷഭ് ഷെട്ടിയാണ്
B. ഏറ്റവും മികച്ച ചിത്രമായി തെരഞ്ഞെടുക്കപ്പെട്ടത് 'ആട്ടം' എന്ന മലയാളം സിനിമയാണ്
C. മികച്ച പ്രാദേശിക സിനിമ (മലയാളം) ആയി തെരഞ്ഞെടുക്കപ്പെട്ട ചിത്രം 'സൗദി വെള്ളക്ക'
D. മികച്ച പിന്നണി ഗായികയായി തെരഞ്ഞെടുക്കപ്പെട്ടത് 'ബോംബെ ജയശ്രീ'യാണ്

A:-A, B

B:-B, C

C:-A, D

D:-എല്ലാം ശരിയാണ്

Correct Answer:- Option-D

Question50:-2022 ലെ വിൻറർ ഒളിമ്പിക്സുമായി ബന്ധപ്പെട്ട പ്രസ്താവനകളിൽ തെറ്റായത് കണ്ടെത്തുക
A. ഒളിമ്പിക്സിൻറെ പ്രധാന വേദി ചൈനയിലെ ബീജിങ് നഗരമായിരുന്നു
B. 91 രാജ്യങ്ങളാണ് ഈ കായികമേളയിൽ പങ്കെടുത്തത്
C. ഒന്നാം സ്ഥാനത്ത് എത്തിയ രാജ്യം നോർവേ ആയിരുന്നു.
D. ആതിഥേയരായ ചൈന മൂന്നാം സ്ഥാനമാണ് നേടിയത്

A:-എല്ലാം തെറ്റ്

B:-A, B

C:-'C' മാത്രം

D:-'D' മാത്രം

Correct Answer:- Option-D

Question51:-$0.01 \times 0.02$

A:-0.0002

B:-0.002

C:-2

D:-0.00002

Correct Answer:- Option-A

Question52:-ഒരാൾ 6000 രൂപയ്ക്ക് ഒരു കസേരയും ഒരു മേശയും വാങ്ങുന്നു. അയാൾ കസേര 10% നഷ്ടത്തിലും മേശ 10% ലാഭത്തിലും വിൽക്കുന്നു. എന്നിട്ടും അയാൾക്ക് മൊത്തത്തിൽ 100 രൂപ ലാഭമുണ്ട്. ഒരു കസേരയുടെ വാങ്ങിയ വില എത്രയാണ്?

A:-2850 രൂപ

B:-2550 രൂപ

C:-2500 രൂപ

D:-3050 രൂപ

Correct Answer:- Option-C

Question53:-ആദ്യത്തെ 97 എണ്ണൽ സംഖ്യകളുടെ ശരാശരി കണ്ടെത്തുക

A:-47

B:-48

C:-49

D:-48.5

Correct Answer:- Option-C

Question54:-275cc വ്യാപ്തവും 25 ചതുരശ്ര സെ.മീ. അടിസ്ഥാന വിസ്തീർണ്ണമുള്ള ഒരു ക്യൂബോയിഡിൻറെ ഉയരം എത്രയാണ്?

A:-11 സെ.മീ.

B:-12 സെ.മീ.

C:-10 സെ.മീ.

D:-15 സെ.മീ.

Correct Answer:- Option-A

Question55:-10 പുരുഷന്മാർ ഒരു ജോലി 12 ദിവസം കൊണ്ട് ചെയ്തു തീർക്കാൻ കഴിയുമെങ്കിൽ അതേ ജോലി ചെയ്യാൻ 12 പുരുഷന്മാർക്ക് എടുക്കുന്ന സമയം എത്ര?

A:-8 ദിവസം

B:-10 ദിവസം

C:-9 ദിവസം

D:-12 ദിവസം

Correct Answer:- Option-B

Question56:-ഒരു പ്രത്യേക ഭാഷയിൽ SISTER 535301 എന്ന് സൂചിപ്പിച്ചിട്ടുണ്ട്. UNCLE 84670 എന്ന് സൂചിപ്പിച്ചിട്ടുണ്ട്. BOY 129 എന്ന് സൂചിപ്പിച്ചിട്ടുണ്ട്. SON എങ്ങനെയാണ് സൂചിപ്പിക്കുക?

A:-923

B:-524

C:-342

D:-872

Correct Answer:- Option-B

Question57:-രണ്ടാമത്തെ സംഖ്യ ആദ്യ സംഖ്യയുമായി ബന്ധപ്പെട്ടിരിക്കുന്നതുപോലെ മൂന്നാമത്തെ സംഖ്യയുമായി ബന്ധപ്പെട്ട ഓപ്ഷൻ തിരഞ്ഞെടുക്കുക.
31 : 90 : : 43 : ?

A:-130

B:-125

C:-102

D:-75

Correct Answer:- Option-C

Question58:-തന്നിരിക്കുന്ന സംഖ്യകളിൽ നിന്ന് കൂട്ടത്തിൽ ചേരാത്തത് കണ്ടെത്തുക

A:-676

B:-626

C:-962

D:-1090

Correct Answer:- Option-A

Question59:-അനു കിഴക്കോട്ട് 20 മീറ്റർ നടന്ന് ഇടത്തേക്ക് തിരിഞ്ഞ് 15 മീറ്റർ നടന്നാൽ പിന്നെ വലത്തേക്ക് തിരിഞ്ഞ് 25 മീറ്റർ നടക്കും. ഇതിനുശേഷം വലത്തേക്ക് തിരിഞ്ഞ് 15 മീറ്റർ നടന്നാൽ ഇപ്പോൾ അവൾ ആരംഭ സ്ഥാനത്ത് നിന്ന് എത്ര അകലത്തിലാണ് ഉള്ളത്?

A:-40 മീറ്റർ

B:-50 മീറ്റർ

C:-25 മീറ്റർ

D:-45 മീറ്റർ

Correct Answer:- Option-D

Question60:-ഒരു വർഷത്തിലെ സെപ്റ്റംബർ 13 തിങ്കളാഴ്ച ദിവസമാണെങ്കിൽ, അതേ വർഷം ഒക്ടോബർ 18 ആഴ്ചയിലെ ഏത് ദിവസമായിരിക്കും?

A:-തിങ്കളാഴ്ച

B:-ശനിയാഴ്ച

C:-ഞായറാഴ്ച

D:-വ്യാഴാഴ്ച

Correct Answer:- Option-A

Question61:-Choose the correct answer from the brackets
One of the boys ________ absent today

A:-are

B:-is

C:-has

D:-were

Correct Answer:- Option-B

Question62:-I am a policeman, _____________ ?

A:-am I

B:-didn't I

C:-weren't I

D:-aren't I

Correct Answer:- Option-D

Question63:-It's high time you _________ smoking.

A:-stop

B:-had stopped

C:-stopped

D:-have stopped

Correct Answer:- Option-C

Question64:-If you start early, you ________ reach in time.

A:-will

B:-would

C:-will have

D:-would have

Correct Answer:- Option-A

Question65:-Let's not yield _________ temptation.

A:-over

B:-with

C:-to

D:-by

Correct Answer:- Option-C

Question66:-All the assignments should be submitted on time. ________, they will not be evaluated.

A:-therefore

B:-otherwise

C:-on the contrary

D:-furthermore

Correct Answer:- Option-B

Question67:-You had better _________ that music down before your Dad gets angry.

A:-turned

B:-turns

C:-turning

D:-turn

Correct Answer:- Option-D

Question68:-'She *takes after* her father'. The phrasal verb 'takes after' in the given sentence means ________.

A:-resembles

B:-looks after

C:-guides

D:-imitates

Correct Answer:- Option-A

Question69:-I write _________ everyday.

A:-dairy

B:-diary

C:-deary

D:-dreary

Correct Answer:- Option-B

Question70:-The synonym for ''cease'' is ______

A:-start

B:-capture

C:-chase

D:-stop

Correct Answer:- Option-D

Question71:-പരിഭാഷപ്പെടുത്തുക
'Presence of mind'

A:-മനസ്സിനെ സമ്മാനിക്കുക

B:-മനസാന്നിധ്യം

C:-മനസമ്മതം

D:-നല്ല മനസ്സുണ്ടാവുക

Correct Answer:- Option-B

Question72:-ഒറ്റപ്പദമാക്കുക - ജനകൻറെ മകൾ

A:-ജനത്രി

B:-ജനനി

C:-ജനയിത്രി

D:-ജാനകി

Correct Answer:- Option-D

Question73:-'അരയും തലയും മുറുക്കുക' - എന്ന ശൈലിയുടെ ആശയമെന്ത്?

A:-വസ്ത്രം നന്നായി മുറുക്കി കെട്ടുക

B:-നിവർന്ന് ഓടുക

C:-തയ്യാറാവുക

D:-സ്വയം നിൽക്കുക

Correct Answer:- Option-C

Question74:-ശരിയായ പദം ഏത്?

A:-യഥേഷ്ടം

B:-യദേഷ്ടം

C:-യദേഷ്ഠം

D:-യതേഷ്ടം

Correct Answer:- Option-A

Question75:-താഴെ പറയുന്നതിൽ 'കാറ്റ്'ൻറെ പര്യായ പദം അല്ലാത്തത്?

A:-പവനൻ

B:-അനലൻ

C:-മാരുതൻ

D:-അനിലൻ

Correct Answer:- Option-B

Question76:-ചേർത്തെഴുതുക - സത് + ജനം

A:-സത്ജനം

B:-സജനം

C:-സതജനം

D:-സജ്ജനം

Correct Answer:- Option-D

Question77:-വിപരീതപദം എഴുതുക - ഉഗ്രം

A:-അത്യുഗ്രം

B:-ശാന്തം

C:-നിഗ്രഹം

D:-അഗ്രം

Correct Answer:- Option-B

Question78:-പിരിച്ചെഴുതുക - നെന്മണി

A:-നെൽ + മണി

B:-നെൻ + മണി

C:-നെല് + മണി

D:-നെ + ന്മണി

Correct Answer:- Option-A

Question79:-'കാലുകൾ രണ്ട് തവണ കഴുകി' അടിവരയിട്ട പദം ഏത്?

A:-ദ്വിവചനം

B:-സലിംഗബഹുവചനം

C:-പൂജകബഹുവചനം

D:-അലിംഗബഹുവചനം

Correct Answer:- Option-D

Question80:-സ്ത്രീലിംഗപദം എഴുതുക - ലേഖകൻ

A:-ലേഖക

B:-ലേഖകി

C:-ലേഖിക

D:-ലേഖികി

Correct Answer:- Option-C

Question81:-ഇവയിൽ ഏതാണ് വനങ്ങളുടെ പരോക്ഷ നേട്ടമല്ലാത്തത്?

A:-തടി ഉത്പാദനം

B:-മണ്ണ് സംരക്ഷണം

C:-കാലാവസ്ഥാ സ്ഥിരത

D:-ജൈവവൈവിധ്യ സംരക്ഷണം

Correct Answer:- Option-A

Question82:-താഴെ പറയുന്നവയിൽ ഇന്ത്യയിലെ ഒരു പ്രധാന വനവിഭാഗം അല്ലാത്തത് ഏതാണ്?

A:-ഉഷ്ണമേഖലാ മഴക്കാടുകൾ

B:-മൊണ്ടെയ്ൻ വനം

C:-ടൈഗ വനം

D:-കണ്ടൽക്കാടുകൾ

Correct Answer:- Option-C

Question83:-ഇന്ത്യയിൽ ഏറ്റവും കൂടുതൽ വനവിസ്തൃതിയുള്ള സംസ്ഥാനം ഏതാണ്?

A:-കേരളം

B:-മധ്യപ്രദേശ്

C:-അരുണാചൽ പ്രദേശ്

D:-കർണ്ണാടക

Correct Answer:- Option-B

Question84:-പശ്ചിമഘട്ടം യുനെസ്കോയുടെ ലോക പൈതൃക സ്ഥലമാണ് കാരണം

A:-ചരിത്രപരമായ പ്രാധാന്യം

B:-സമ്പന്നമായ ജൈവവൈവിധ്യവും പ്രാദേശികമായ ജീവിവർഗ്ഗങ്ങളും

C:-വിശാലമായ കൃഷിഭൂമികൾ

D:-വലിയ തോതിലുള്ള ഖനനപ്രവർത്തനങ്ങൾ

Correct Answer:- Option-B

Question85:-ആവശ്യകത അടിസ്ഥാനമാക്കിയുള്ള വനവൽക്കരണ ഗവേഷണ വിപുലീകരണം പ്രോത്സാഹിപ്പിക്കുകയും ഏറ്റെടുക്കുകയും ചെയ്യുന്ന ദേശീയ വനവൽക്കരണ ഗവേഷണ സംവിധാനത്തിന് ഉത്തരവാദിത്തമുള്ള ഇന്ത്യൻ സ്ഥാപനം ഏതാണ്?

A:-CSIR

B:-FSI

C:-ICFRE

D:-MoEF&CC

Correct Answer:- Option-C

Question86:-കാലാവസ്ഥാ വ്യതിയാനം ലഘൂകരിക്കുന്നതിന് വനങ്ങൾ നൽകുന്ന ഇനിപ്പറയുന്ന ആവാസവ്യവസ്ഥാ സേവനങ്ങളിൽ ഏതാണ് സഹായിക്കുന്നത്?

A:-പരാഗണം

B:-കാർബൺ സംഗ്രഹണം

C:-വിത്ത് വിതരണം

D:-സാംസ്കാരിക മൂല്യം

Correct Answer:- Option-B

Question87:-താഴെ പറയുന്നവയിൽ സംരക്ഷിത പ്രദേശങ്ങളിൽ (Protected Area) ഉൾപ്പെടാത്ത വിഭാഗം ഏത്?

A:-വൈൽഡ് ലൈഫ് സാംഗ്ചറി

B:-നാഷണൽ പാർക്ക്

C:-റിസർവ്വ് ഫോറസ്റ്റ്

D:-കമ്മ്യൂണിറ്റി റിസർവ്വ്

Correct Answer:- Option-C

Question88:-MAB യുടെ പൂർണ്ണരൂപം എന്ത്?

A:-മാൻ ആൻഡ് ബയോളജിക്കൽ റിസർവ്

B:-മാൻ ആൻഡ് ദി ബയോസ്ഫിയർ പ്രോഗ്രാം

C:-മാൻ ആൻഡ് ദി ബയോഡൈവേഴ്സിറ്റി പ്രോഗ്രാം

D:-മാൻ ആൻഡ് ദി ബയോഡൈവേഴ്സിറ്റി റിസർവ്വ്

Correct Answer:- Option-B

Question89:-താഴെ പറയുന്നവയിൽ പശ്ചിമഘട്ടത്തിലെ എൻഡെമിക് വിഭാഗത്തിൽ പെടുന്ന ജീവി ഏത്?

A:-ഏഷ്യൻ ആന

B:-കടുവ

C:-നീലഗിരി മാർട്ടിൻ

D:-പുള്ളിപ്പുലി

Correct Answer:- Option-C

Question90:-കേരളത്തിൽ ഏറ്റവും കൂടുതൽ ദേശീയ ഉദ്യാനങ്ങൾ ഉള്ള ജില്ല ഏത്?

A:-വയനാട്

B:-ഇടുക്കി

C:-തൃശ്ശൂർ

D:-പത്തനംതിട്ട

Correct Answer:- Option-B

Question91:-പശ്ചിമഘട്ടത്തെ ലോക പൈതൃക പട്ടികയിൽ ഉൾപ്പെടുത്തിയ വർഷം

A:-1975

B:-1972

C:-2012

D:-2010

Correct Answer:- Option-C

Question92:-ഇൻറർനാഷണൽ യൂണിയൻ ഫോർ കൺസർവേഷൻ ഓഫ് നേച്ചർ (IUCN) പ്രസിദ്ധീകരിക്കുന്ന ചുവന്ന പട്ടിക (Red List) ൽ ഏഷ്യൻ ആനയുടെ വിഭാഗമേത്?

A:-Endangered (അപകടാവസ്ഥ)

B:-Vulnerable (ദുർബ്ബലമായത്)

C:-Threatened (ഭീഷണി നേരിടുന്നത്)

D:-Near threatened (സമീപഭാവിയിൽ ഭീഷണി നേരിടുന്നത്)

Correct Answer:- Option-A

Question93:-ഇന്ത്യയിൽ എത്ര RAMSAR പ്രദേശങ്ങൾ ഉണ്ട്?

A:-86

B:-79

C:-89

D:-90

Correct Answer:- Option-C

Question94:-വന്യജീവി സംരക്ഷണ നിയമം (Wildlife Protection Act), 1972 - ലെ ഏത് ചാപ്റ്ററിലാണ്, കുറ്റകൃത്യങ്ങൾ കണ്ടെത്തുന്നതിനെയും, തടയുന്നതിനെയുംപ്പറ്റി പ്രതിപാദിക്കുന്നത്?

A:-ചാപ്റ്റർ VI

B:-ചാപ്റ്റർ IV

C:-ചാപ്റ്റർ V

D:-ചാപ്റ്റർ VII

Correct Answer:- Option-A

Question95:-ഇന്ത്യൻ വന നിയമം (Indian Forest Act), 1927-ൽ ___________ ചാപ്റ്ററുകളും, ________ സെക്ഷനുകളും ഉണ്ട്.

A:-4 ചാപ്റ്റർ, 72 സെക്ഷൻസ്

B:-13 ചാപ്റ്റർ, 96 സെക്ഷൻസ്

C:-6 ചാപ്റ്റർ, 68 സെക്ഷൻസ്

D:-10 ചാപ്റ്റർ, 100 സെക്ഷൻസ്

Correct Answer:- Option-B

Question96:-ഇന്ത്യയിൽ വന സംരക്ഷണ നിയമം (Forest Conservation Act) നിലവിൽ വന്ന വർഷം

A:-1972

B:-1988

C:-1980

D:-1976

Correct Answer:- Option-C

Question97:-പ്രൊജക്റ്റ് ഗ്രേറ്റ് ഇന്ത്യൻ ബസ്റ്റാർഡ് (Project Great Indian Bustard) നിലവിൽ വന്ന വർഷം

A:-2003

B:-1993

C:-2013

D:-1999

Correct Answer:- Option-C

Question98:-താഴെപ്പറയുന്നവയിൽ ഏത്/ഏതെല്ലാമാണ് ശരിയായിട്ടുള്ളതെന്നു കണ്ടെത്തുക.

i. വന്യജീവി വ്യാപാര നിരോധനത്തെപ്പറ്റി (Prohibition of trade of wildlife) പരാമർശിക്കുന്നത്, വന്യജീവി സംരക്ഷണ നിയമം (Wildlife Protection Act), 1972-ലെ; ചാപ്റ്റർ 6 ആണ്

ii. സംരക്ഷിത വന വിജ്ഞാപനത്തെപ്പറ്റി (Declaration of Reserve Forest) പരാമർശിക്കുന്നത്, ഇന്ത്യൻ വന നിയമം (Indian Forest Act), 1927-ലെ ചാപ്റ്റർ 2 ലെ സെക്ഷൻ 3 ആണ്

iii. വനഭൂമി, വനേതര ആവിശ്യങ്ങൾക്ക് (Non-forest purpose) ഉപയോഗിക്കുന്നതിനെ നിരോധിക്കുന്നതിനെപ്പറ്റി പരാമർശിക്കുന്നത്, വന സംരക്ഷണ നിയമത്തിലെ (Forest Conservation Act) സെക്ഷൻ 2 ആണ്

iv. ഗ്രാമ വന വിജ്ഞാപനത്തെപ്പറ്റി (Declaration of Village Forest) പരാമർശിക്കുന്നത്, ഇന്ത്യൻ വന നിയമം (Indian Forest Act), 1927-ലെ ചാപ്റ്റർ 3 ലെ സെക്ഷൻ 28 ആണ്.

A:-i മാത്രം

B:-i, ii, iv

C:-ii മാത്രം

D:-ii, iii, iv

Correct Answer:- Option-D

Question99:-കുട്ടികളുടെ അശ്ലീല ചിത്രങ്ങൾ, വീഡിയോകൾ എന്നിവ പ്രദർശിപ്പിച്ചാൽ വിവരസാങ്കേതിക നിയമപ്രകാരം നിഷ്കർഷിക്കുന്ന ശിക്ഷ

A:-2 വർഷം, 2 ലക്ഷം

B:-3 വർഷം, 2 ലക്ഷം

C:-3 വർഷം, 5 ലക്ഷം

D:-5 വർഷം, 10 ലക്ഷം

Correct Answer:- Option-D

Question100:-ഒരു ഇലക്ട്രോണിക് മാധ്യമത്തിലെ ശരിയായ രേഖകൾ മനഃപൂർവ്വം നീക്കം ചെയ്യുകയോ മറയ്ക്കുകയോ നശിപ്പിക്കുകയോ തെറ്റായ രേഖകൾ ഉൾപ്പെടുത്തുകയോ ചെയ്യുന്ന കുറ്റം

A:-സൈബർ ടാംപറിങ്ങ്

B:-സൈബർ ഫിഷിങ്ങ്

C:-സൈബർ ഹാക്കിങ്ങ്

D:-സൈബർ ടൈറ്റിസം

Correct Answer:- Option-A